ഉത്തരം

(എ) 31-5-2000-ൽ 500 ദിവസം പൂർത്തിയാക്കിയ എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(സി ആന്റ് ഡി) ഇക്കാര്യം വിശദമായ പരിശോധനയിലാണ്.

3-ാം ഗ്രേഡ് ഓവർസീയർമാരുടെ നിയമനം

64 [3651] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച 3-ാം ഗ്രേഡ് ഓവർസീയർമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് ജലവിഭവ വകുപ്പിൽ നിയമനം നൽകി;

(ബി) ജലവിഭവ വകുപ്പിൽ 3-ാം ഗ്രേഡ് ഓവർസീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്; എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പായി എത്രപേരെ കൂടി നിയമിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 308 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ ഉണ്ടോയെന്നത് കണക്കാക്കി വരുന്നതേയുള്ളൂ. ഇപ്പോഴുള്ള 3 ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകൾ ഉണ്ടോയെന്ന് കണക്കാക്കിയശേഷം നിയമനം നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കാഴ്ചബംഗ്ലാവുകളുടേയും മൃഗശാലകളുടേയും പ്രവർത്തനം

65 [3652] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും ഓരോന്നിനും എന്തു തുക ചെലവിട്ടുവെന്നും തരംതിരിച്ച് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly